# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.08.2024**

### പ്രധാനവാർത്തകൾ

1. **വയനാട് മുണ്ടക്കൈയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.**

2. **ഹേമ കമ്മറ്റി റിപ്പോർട്ടിന് പിന്നാലെയുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ താരസംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു.**

RIJU TVPM

3. **സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗ കാരണം കണ്ടുപിടിക്കാൻ ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് മന്ത്രി വീണാജോർജ്.**

4. **സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ കാൻസർ മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ തീരുമാനിച്ചതായി ആരോഗ്യ വകുപ്പ്.**

5. **പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. മെഡൽ പ്രതീക്ഷയിൽ ഇന്ത്യൻ സംഘം.**

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - പ്രധാനമന്ത്രി

ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയെ പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. മൂന്നാം നരേന്ദ്രമോദി സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി ആദ്യമായി നടത്തുന്ന ഔദ്യോഗിക സന്ദർശനമാണിത്.വയനാട് ദുരിതാശ്വാസം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദമായ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദുരന്ത മേഖലകളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തിയിരുന്നു. സംസ്ഥാനത്തിൻറെ മറ്റ് ആവശ്യങ്ങളും മുഖ്യമന്ത്രി കൂടിക്കാഴ്ചയിൽ ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

## വയനാട് സ്കൂൾ

ചൂരൽമല, മുണ്ടക്കൈ ഉരുൾപെട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന സ്കൂളുകളിൽ അധ്യയനം ആരംഭിച്ചു. ജി.എൽ.പി.എസ് മേപ്പാടി, ജി.എച്ച്.എസ്.എസ് മേപ്പാടി എന്നിവയാണ് വീണ്ടും തുറന്നത്. ഉരുൾപൊട്ടിയ ജൂലൈ 30 മുതൽ നൂറ് കണക്കിന് കുടുംബങ്ങളെ താമസിപ്പിച്ചിരുന്നത് മേപ്പാടി സ്കൂളിലായിരുന്നു. . താൽകാലിക പുനരധിവാസത്തിന്റെ ഭാഗമായി മുഴുവൻ കുടുംബങ്ങളേയും മാറ്റി പാർപ്പിച്ചതിനെ

ത്തുടർന്നാണ് സ്കൂളുകളിൽ പഠന പ്രവർത്തനമാരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&

**അമ്മ ഭരണസമിതി -രാജി**

ഹേമ കമ്മറ്റി റിപ്പോർട്ടിന് പിന്നാലെയുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ താരസംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു. പ്രസിഡന്റ് മോഹൻലാൽ ഉൾപ്പെടെയുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളും രാജിവച്ചു. ഇന്ന് ചേർന്ന എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഓൺലൈൻ യോഗത്തിലാണ് തീരുമാനം. വിവാദങ്ങളും ആരോപണങ്ങളും വേദനിപ്പിച്ചുവെന്ന് പ്രസിഡന്റ് സ്ഥാനം ഒഴിയുന്നതിന് മുമ്പ് മോഹൻലാൽ പ്രതികരിച്ചു. ചില അംഗങ്ങൾക്ക് നേരെ ലൈംഗികാരോപണങ്ങൾ ഉയർന്ന പശ്ചാത്തലത്തിൽ, അതിന്റെ ധാർമ്മികമായ ഉത്തരവാദിത്വം മുൻനിർത്തി നിലവിലുള്ള ഭരണ സമിതി രാജി വെയ്ക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് മാസത്തിനുള്ളിൽ പൊതുയോഗം കൂടി, പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കുമെന്നും മോഹൻലാൽ വ്യക്തമാക്കി. പൊതുയോഗം ചേരുന്നതുവരെയും സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നിലവിലെ ഭരണ സമിതി താത്ക്കാലിക സംവിധാനമായി തുടരാനും തീരുമാനമായി.

&&&&&&&&&&&&&&&&&&

RNUTVPM

## സിനിമ എൻക്വയറി

സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിൻറെ ആദ്യയോഗം തിരുവനന്തപുരത്ത് ചേർന്നു. ഡിജിപി ഷേഖ് ദർവേഷ് സാഹേബിൻറെ സാന്നിധ്യത്തിലാണ് യോഗം ചേർന്നത്. മാധ്യമങ്ങളിലൂടെ ദുരനുഭവങ്ങൾ പങ്കുവയ്ക്കുന്ന ചലച്ചിത്രപ്രവർത്തുകരുമായി സംസാരിച്ച്, പ്രത്യേക സംഘം പരാതി സ്വീകരിച്ചുതുടങ്ങി. ബംഗാളി നടി ശ്രീലേഖ മിത്രയുടെ പരാതിയിൽ ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ രഞ്ജിത്തിനെതിരെ കൊച്ചി സിറ്റി പോലീസ് കേസെടുത്തു.

&&&&&&&&&&&&&&&&&&

## ഹേമ കമ്മിറ്റി - മുകേഷ്

ഹേമ കമ്മിറ്റി റിപ്പോർട്ടിന് പിന്നാലെ താൻ ഉൾപ്പെടെയുള്ള ചലച്ചിത്ര പ്രവർത്തകർക്കെതിരെ ഉയർന്ന ആരോപണങ്ങൾ സംബന്ധിച്ചുള്ള അന്വേഷത്തെ സ്വാഗതം ചെയ്യുന്നുവെന്ന് നടനും എംഎൽഎയുമായ എം മുകേഷ്. ആരോപണങ്ങളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ വസ്തുനിഷ്ടവും സുതാര്യവുമായ അന്വേഷണം അനിവാര്യമാണെന്ന് അദ്ദേഹം പ്രതികരിച്ചു. പൊതുസമൂഹത്തോട് തനിക്ക് ഉത്തരവാദിത്തമുണ്ടെന്നും വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നവർക്കെതിരെ ശക്തമായ നിയമ

RNUTVPM

നടപടികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

**കെ സുരേന്ദ്രൻ - മുകേഷ്**

സിനിമ മേഖലയിൽ നിരവധി പീഡന ആരോപണങ്ങൾക്ക് വിധേയനായ കൊല്ലം എംഎൽഎ മുകേഷ് രാജിവെക്കണമെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. ഹേമ കമ്മിറ്റി റിപ്പോർട്ട് ഉദ്ദേശലക്ഷ്യത്തിൽ നിന്നും വഴിമാറുകയാണെന്നും സുരേന്ദ്രൻ വിമർശിച്ചു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&

**ഹേമ കമ്മിറ്റി- വിഡി സതീശൻ**

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഇരകൾ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. റിപ്പോർട്ടനുസരിച്ച്, ലൈംഗിക ചൂഷണം ഉൾപ്പെടെ കുറ്റകൃത്യങ്ങളുടെ പരമ്പര തന്നെ നടന്നിട്ടുണ്ടെന്ന് അദ്ദേഹം ആരോപിച്ചു. ഇക്കാര്യത്തിൽ വിശദ അന്വേഷണം നടത്തി കേസെടുക്കണമെന്നതാണ് പ്രതിപക്ഷത്തിന്റെ നിലപാടെന്നും പ്രതിപക്ഷനേതാവ് ആലുവയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&

RNUTVPM

## ഹേമ കമ്മിറ്റി- /യുഡിഎഫ്

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നടപടി ആവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുമെന്ന് കോൺഗ്രസ്. 'ആക്ഷൻ ഓൺ ഹേമ റിപ്പോർട്ട്' എന്ന മുദ്രാവാക്യം ഉയർത്തി ഡിസിസികളുടെ നേതൃത്വത്തിൽ ജില്ലാ കളക്ട്രേറ്റുകൾക്ക് മുന്നിലും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കും. സെപ്റ്റംബർ 2ന് യുഡിഫ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇതേ വിഷയത്തിൽ സെക്രട്ടേറിയേറ്റിന് മുന്നിൽ സമരം തീരുമാനിച്ചിരിക്കുന്നതിനാൽ തിരുവനന്തപുരം ജില്ലയെ പ്രതിഷേധ പരിപാടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രതിഷേധ കൂട്ടായ്മയുടെ സംസ്ഥാനതല ഉദ്ഘാടനം മറ്റന്നാൾ കണ്ണൂർ കളക്ട്രേറ്റിന് മുന്നിൽ കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി നിർവഹിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

## ഇന്ത്യ - ബ്രസ്സീൽ

ജി-20 അധ്യക്ഷ സ്ഥാനം വഹിക്കുന്ന ബ്രസീലിന് ഇന്ത്യയുടെ പൂർണ പിന്തുണ നൽകുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഡൽഹിയിൽ നടന്ന 9-ാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതിയിൽ അധിഷ്ഠിതമായ ലോകവും സുസ്ഥിര അന്തരീക്ഷവും കെട്ടിപ്പടുക്കുക എന്ന ആശയങ്ങൾ കേന്ദ്രീകരിച്ചുള്ള

ബ്രസീലിൻ്റെ അതുല്യമായ പ്രവർത്തനങ്ങളെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു. വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ബ്രസീൽ വിദേശകാര്യ മന്ത്രിയും സഹാദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇന്ത്യയും ബ്രസീലും തമ്മിൽ വിവിധ മേഖലകളിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടന്നു.

&&&&&&&&&&&&&&&&&&

**അമീബിക് മസ്തിഷ്ക ജ്വരം**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചതായി ആരോഗ്യമന്ത്രി വീണാജോർജ്. കേരളത്തിലേയും ICMR, IAV, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെയും വിദഗ്ധരെ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് സംഘടിപ്പിച്ച സാങ്കേതിക ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് കേസുകളുടെ വർധനവ് ഉണ്ടാകുന്നതിന് പിന്നിലെ കാരണം കണ്ടുപിടിക്കാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് വിദഗ്ധ സംഘടനകളുമായി ചേർന്നുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

PNUTVPM

&&&&&&&&&&&&&&&&&&&

**ഇടുക്കി(ഇൻട്രോ)**

ഇടുക്കി വട്ടവട, കാന്തല്ലൂർ മേഖലകളിൽ വെളുത്തുള്ളി വിളവെടുപ്പ് ആരംഭിച്ചു. റെക്കോഡ് വിലയാണ് ഇത്തവണ വെളുത്തുള്ളിക്ക് ലഭിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ............

(വോയിസ്)

&&&&&&&&&&&&&&&&&&&

RNU TVPM

**കാരുണ്യ സ്പർശം -ക്യാൻസർ മരുന്ന്**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് കാൻസർ മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' വിലകൂടിയ കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കും. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസികളിലെ പ്രത്യേക കൗണ്ടർ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യുക. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. വിലകൂടിയ കാൻസർ മരുന്നുകൾ

ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയ്ക്ക് തുടക്കമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## പാരാലിമ്പിക്സ്

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. 84 -മത് ലറ്റുകളാണ് ഇന്ത്യൻ സംഘത്തിലുള്ളത്. ഉദ്ഘാടന ചടങ്ങിൽ സുമിത് അന്തിലും ഭാഗ്യശ്രീ ജാദവും ഇന്ത്യൻ പതാകയേന്തും. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി മത്സരിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## ഡ്യൂറൻഡ് കപ്പ്

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൻറെ രണ്ടാം സെമി ഫൈനലിൽ ഇന്ന് മോഹൻ ബഗാനും ബംഗളൂരു എഫ് .സി യും ഏറ്റുമുട്ടും. ആദ്യ സെമിയിൽ ഷില്ലോങ് ലജോങ്ങിനെ പരാജയപ്പെടുത്തിയ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഫൈനലിൽ ഇടംനേടി.

&&&&&&&&&&&&&&&&&&

## പാസ്പോർട്ട് സേവാകേന്ദ്രം

RNU TVPM

പാസ്പോർട്ട് സേവാ സംവിധാനത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണി നടക്കുന്നതിനാൽ, വ്യാഴാഴ്ച മുതൽ സെപ്റ്റംബർ 2 വരെ പാസ്പോർട്ട് സേവാ പോർട്ടൽ പൗരന്മാർക്ക് ലഭ്യമാകില്ല എന്ന് തിരുവനന്തപുരം റീജിയണൽ പാസ്പ്പോർട്ട് ഓഫീസ് അറിയിച്ചു . ഇത് കണക്കിലെടുത്ത്, പാസ്പോർട്ട് സേവാ കേന്ദ്രം, പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം എന്നിവിടങ്ങളിൽ ഈ മാസം 30 ന് അപ്പോയിൻ്റ്മെൻ്റ് ലഭിച്ച അപേക്ഷകർക്ക് മറ്റ് ദിവസങ്ങളിലായി അപ്പോയിൻ്റ്മെൻ്റ് ലഭിക്കും. പുനഃക്രമീകരിച്ച തീയതി എസ് എം എസ് അല്ലെങ്കിൽ ഇ-മെയിൽ വഴി അറിയിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## വി.എൻ. വാസവൻ

ജലജന്യരോഗങ്ങളിൽ നിന്ന് പ്രതിരോധം തീർക്കാൻ സ്കൂളുകളിലെ ജലഗുണനിലവാര പരിശോധന ലാബുകൾക്കു സാധിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. ഹരിതകേരളം മിഷൻ കേരള പുനർനിർമാണ പദ്ധതിയുടെ സഹായത്തോടെ കോട്ടയം ജില്ലയിലെ ഹയർ സെക്കൻഡറി

സ്കൂളുകളിൽ സ്ഥാപിക്കുന്ന ജലഗുണനിലവാര പരിശോധന ലാബിന്റെ ജില്ലാതല ഉദ്ഘാടനം കുമരകം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കുട്ടികൾക്കും അധ്യാപകർക്കും മതിയായ പരിശീലനം നൽകിയാണ്, പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## കേരള ബ്രാൻഡ് പദ്ധതി

ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൽകുന്ന കേരള ബ്രാൻഡ് പദ്ധതിയിൽ മികച്ച നേട്ടവുമായി കണ്ണൂർ ജില്ല. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് ആറ് സ്ഥാപനങ്ങൾക്ക് കേരള ബ്രാൻഡ് അനുവദിച്ചപ്പോൾ, ഇതിൽ രണ്ട് സ്ഥാപനങ്ങൾ കണ്ണൂർ ജില്ലയിൽ നിന്നാണ്. അഞ്ചരക്കണ്ടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡിന്റെ കീഴിലുള്ള സഹകാരി ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസിംഗ് പ്ലാന്റ്, കെ എം ഓയിൽ ഇൻഡസ്ട്രീസ് എന്നീ വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കാണ് ജില്ലയിൽ ആദ്യമായി കേരള ബ്രാന്റ് ലഭിച്ചത്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

PNUTVPM

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM